## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3379

18.02.2013 - ലെ മറുപടിയ്ക്ക്

### മദ്രസ്സ അദ്ധ്യാപക ക്ഷേമപെൻഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി) | |
| (എ) | മദ്രസ്സ അദ്ധ്യാപക ക്ഷേമപെൻഷൻ പദ്ധതിയിൽ കാതലായ മാറ്റങ്ങളെന്തെങ്കിലും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസ്, മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യം, ഭവന പദ്ധതി, പെൺമക്കളുടെ വിവാഹാനുകൂല്യം തുടങ്ങിയ ആനുകൂല്യങ്ങൾ കൂടി ഉൾപ്പെടുത്തി ഈ സ്കീം വിപുലീകരിക്കാനുദ്ദേശിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേൽക്കും മുമ്പ് എത്ര പേർ പ്രസ്തുത പദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ടായിരുന്നു; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് 900 (തൊള്ളായിരം) പേർ ഈ പദ്ധതിയിൽ അംഗങ്ങളായിരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളത്; | (സി) | കേരള മദ്രസാധ്യാപക ക്ഷേമനിധിയിൽ 11.2.2013 വരെ 7205 (ഏഴായിരത്തി ഇരുനൂറ്റി അഞ്ച്) പേർ അംഗങ്ങളായിട്ടുണ്ട്. |
| (ഡി) | കൂടുതൽ പേരെ പദ്ധതിയിൽ അംഗങ്ങളാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മദ്രസാധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി പൂർണ്ണമായും പലിശരഹിതമാക്കി. മദ്രസാധ്യാപക ക്ഷേമനിധി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി 2012 ജൂൺ മാസത്തിൽ മദ്രസാധ്യാപകരെ പ്രതിനിധാനം ചെയ്യുന്ന സംഘടനാനേതാക്കളുടെ യോഗം വിളിക്കുകയും സംഘടനകളുടെ പിന്തുണ ഈ പദ്ധതിക്ക് ഉറപ്പുവരുത്തുകയും |

ചെയ്തിട്ടുണ്ട്. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, പദ്ധതിയുടെ ഗുണവശങ്ങൾ സംബന്ധിച്ച് മദ്രസാദ്ധ്യാപകർക്ക് അവബോധം സൃഷ്ടിക്കുന്നതിനുമായി എല്ലാ ജില്ലകളിലും പ്രത്യേക അംഗത്വവിതരണ കാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മദ്രസാധ്യാപക ക്ഷേമനിധി മോണിറ്ററിംഗ് കമ്മിറ്റി മദ്രസ്സാ പ്രസ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്ന സംഘടനാനേതാക്കളെ കൂടിയുൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**